## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3584 15.07.2015-ൽ മറുപടിക്ക്

### ജലനിധി രണ്ടാം ഘട്ടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോസഫ് വാഴയ്ക്കൻ<br>,, അൻവർ സാദത്ത്<br>,, പി.എ.മാധവൻ<br>,, ടി.എൻ. പ്രതാപൻ | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) ജലനിധി രണ്ടാംഘട്ട പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ഉണ്ട്. 1022 കോടി രൂപ മുതൽമുടക്കി 2012-17 കാലയളവിൽ ഗ്രാമപഞ്ചായത്തുകളിൽ ജനകീയ പങ്കാളിത്തത്തോടെ കുടിവെള്ള ശുചിത്വ സൗകര്യങ്ങൾ ഒരുക്കുന്ന രണ്ടാംഘട്ട ജലനിധി പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. പദ്ധതിയുടെ ഒന്നാം ബാച്ചിൽ ആലപ്പുഴ, എറണാകുളം ഒഴികെ കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നുമുള്ള തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിലും തുടർന്നുള്ള ബാച്ചുകളിൽ കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം,കോഴിക്കോട്, പാലക്കാട് കോട്ടയം, ഇടുക്കി, എന്നീ 8 ജില്ലകളിലെ തെരഞ്ഞെടുത്ത വിവിധ പഞ്ചായത്തുകളിലുമാണ് പദ്ധതി നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു മുഖേന കൈവരിക്കാനു ദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | പദ്ധതി നടപ്പാക്കുന്നതിലൂടെ ഗ്രാമീണ ജനതയ്ക്ക് ഗുണമേന്മ യേറിയതും, സുസ്ഥിരവുമായ കുടിവെള്ള ശുചിത്വ സൗകര്യങ്ങൾ ആവശ്യാധിഷ്ഠിതമായി വികേന്ദ്രീകൃത രീതിയിൽ ഒരുക്കുന്നതാണ് പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം. മൂന്ന് ബാച്ചുകളിലായി 115 ലക്ഷത്തോളം പേർക്ക് സുരക്ഷിതമായ കുടിവെള്ളവും 6.9 ലക്ഷം പേർക്ക് ശുചിത്വ സംവിധാനങ്ങളും നടപ്പാക്കാൻ പദ്ധതി ലക്ഷ്യമിടുന്നു. |
| സി) | ഏതെല്ലാം തരത്തിലുള്ള ധനസഹായങ്ങളാണ് പദ്ധതി നടത്തിപ്പിനായി പ്രയോജനപ്പെടുത്തുന്നത്;വിശദമാക്കുമോ; | (സി) | ലോകബാങ്കിന്റെ സഹായത്തോടെ നടപ്പാക്കുന്ന ജലനിധി പദ്ധതിയുടെ പ്രധാന ഘടകമായ ശുദ്ധജല വിതരണ പദ്ധതികളിൽ 75% ലോകബാങ്ക് വായ്പ ഉൾപ്പെടെയുള്ള സംസ്ഥാന സർക്കാർ വിഹിതവും 15% ഗ്രാമപഞ്ചായത്ത് വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. |
| ഡി) | പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) | ഉണ്ട്. ബാച്ച് 1 ലെ 20 ഗ്രാമ പഞ്ചായത്തിലും ബാച്ച് രണ്ടിലെ 62 ഗ്രാമ പഞ്ചായത്തിലും മൾട്ടി ജി.പി. പദ്ധതിയായി 12 ഗ്രാമപഞ്ചായത്തുകളിലും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 21 ഗ്രാമ പഞ്ചായത്തുകൾ ബാച്ച് 3 പദ്ധതിയ്ക്കായി കെ.ആർ.ഡബ്ല്യു.എസ്.എ.യുമായി കരാർ ഒപ്പ് വച്ചിട്ടുണ്ട്. ബാച്ച് ഒന്നിൽ ചെറുതും വലുതുമായ 462 കുടിവെള്ള പദ്ധതികളുടെയും |

രണ്ടാം ബാച്ചിൽ ഏകദേശം 1219 പദ്ധതികളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇവയ്ക്ക് പുറമെ 12 പഞ്ചായത്തുകളിലായി 3 മൾട്ടി പഞ്ചായത്ത് പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. 626 ചെറുകിട ജലവിതരണ പദ്ധതികൾ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. 1,70,000 പേർക്ക് ഇവയുടെ പ്രയോജനം ലഭിക്കുവാനാണ് ലക്ഷ്യമിടുന്നത്.

സെക്ഷൻ ഓഫീസർ